**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 3** — **16-09-2025 - ൽ മറുപടിയ്ക്ക്**

**വയനാട് ഉരുൾപൊട്ടൽ ദുരിതബാധിതരുടെ പുനഃരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വയനാട് മുണ്ടക്കൈ-ചൂരൽമല പ്രദേശങ്ങളിലെ ഉരുൾപൊട്ടൽ ദുരന്തബാധിതരെ പുന:രധിവസിപ്പിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടലിൽ വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് ടൗൺഷിപ്പ് നിർമ്മിക്കുന്നതിനായി സർക്കാർ എൽസ്റ്റോൺ എസ്റ്റേറ്റിൽ നിന്നും ഏറ്റെടുത്ത 64.4705 ഹെക്ടർ ഭൂമിയിൽ ടൗൺഷിപ്പ് നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ച് വരുന്നു. ടൗൺഷിപ്പ് നിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ കളക്ടർ ചെയർപേഴ്സണും ചീഫ് ഓപ്പറേറ്റിങ്ങ് ഓഫീസർ, ടൗൺഷിപ്പ് പ്രൊജക്ട് കൺവീനറുമായി ജില്ലാ തല കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുകയും നിശ്ചിത ഇടവേളകളിൽ വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കുകയും ചെയ്തുവരുന്നുണ്ട്.<br><br>**പുനരധിവാസത്തിനായി** ഫെയ്സ് 1, ഫെയ്സ് 2A, ഫെയ്സ് 2B എന്നീ മൂന്ന് ഘട്ടങ്ങളായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി 402 ഗുണഭോക്താക്കളുടെ പുനരധിവാസ ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>പുനരധിവാസ ലിസ്റ്റിൽ ഉൾപെട്ട ഗുണഭോക്താക്കളിൽ നിന്നും ഓപ്ഷൻ 1 (വീട്), ഓപ്ഷൻ 2 (ധനസഹായം) എന്നിങ്ങനെ സമ്മതപത്രം സ്വീകരിക്കുകയും ടൗൺഷിപ്പിന് പുറത്തു താമസിക്കുന്നതിന് സർക്കാർ ധനസഹായം 15 ലക്ഷം രൂപ ലഭിക്കുന്നതിന് സമ്മതപത്രം സമർപ്പിച്ച 104 ഗുണഭോക്താക്കൾക്ക് 15 ലക്ഷം രൂപ വീതം വിതരണം ചെയ്തിട്ടുമുണ്ട്. 295 ഗുണഭോക്താക്കൾ വീടിന് സമ്മതപത്രം സമർപ്പിച്ചിട്ടുണ്ട്.<br><br>അന്തിമ ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചതിന് ശേഷം ലഭ്യമായിട്ടുള്ള അപ്പീൽ അപേക്ഷകൾ സർക്കാർ തലത്തിൽ പരിശോധിക്കുകയും 49 |

| | | | |
|---|---|---|---|
| | | | ഗുണഭോക്താക്കളെ പുനരധിവാസ ലിസ്റ്റിൽ ഉൾപെടുത്തി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ ലഭിച്ച തുക ഇതിനായി യഥാസമയം വിനിയോഗിച്ചിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | കേന്ദ്ര സർക്കാർ അനുവദിച്ച വായ്പ ഉപയോഗിച്ച് എന്തെല്ലാം പുനഃരധിവാസ പദ്ധതികളാണ് ഈ മേഖലയിൽ ഏറ്റെടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | കേന്ദ്ര സർക്കാർ അനുവദിച്ച വായ്പ ഉപയോഗിച്ച് നടത്തുന്ന പുനരധിവാസ പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ദുരിതബാധിതരെ പൂർണ്ണമായും പുനഃരധിവസിപ്പിക്കാൻ എന്നത്തേക്ക് കഴിയുമെന്ന് വ്യക്തമാക്കുമോ? | (ഡി) | 2026 ജനുവരി മാസത്തിനകം വീടുകൾ കൈമാറുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ

| അനുബന്ധം | | | | |
|---|---|---|---|---|
| SL. NO | Name of Department | Name of work | Amount (Cr) | Scheme |
| 1 | KIIFCON | Construction of roads in rehabilitation townships at Elstone estate | 87 | SASCI |
| 2 | IRRIGATION | River training of Punnapuzha (8 km stretch) | 65 | SASCI |
| 3 | PWD Buildings | 1) Construction of New building for Fire Station at Panamaram | 7 | SASCI |
| 4 | PWD Buildings | 2) Construction of New building for Fire Station at Vythiri | 7 | SASCI |
| 5 | PWD Buildings | 3) Construction of New building for Fire Station at Thondernad, Mananthavady. | 7 | SASCI |
| 6 | PWD Roads | Improvements to Muttil Meppadi road ch 0/000-14/150 | 37 | SASCI |
| 7 | PWD Bridges | Construction of Bridge at Chooralmala | 38 | SASCI |
| 8 | PWD Buildings | Reconstruction of GVHSS Vellarmala,GLPS Mundakkai, VHSS Section of GVHSS | 12 | SASCI |
| 9 | PWD Buildings | Construction of multi-purpose building for inpatients | 15 | SASCI |
| 10 | KSEB | Construction of 110 KV Sub Station at Elstone Township | 13.5 | SASCI |
| 11 | KWA | 15 MLD WTP Karapuzha | 22.5 | SASCI |
| 12 | PWD Roads | Construction of 6 Helipads with approach Road | 9 | SASCI |
| 13 | PWD Buildings | Construction of D Block with DDMA Complex to Civil Station at Kalpetta | 30 | SASCI |
| 14 | PWD Buildings | 1) Construction of Multi purpose Shelter at Mullankolly in Wayanad District | 3.5 | SASCI |

| | | | | |
|---|---|---|---|---|
| 15 | PWD Buildings | 2) Construction of Multipurpose Shelter at Kottathara | 3.5 | SASCI |
| 16 | PWD Buildings | 3) Construction of Multipurpose Shelter at Paiinjarathara in Wayand District | 3.5 | SASCI |
| 17 | PWD Buildings | 4) Construction of Shelter Homes at Panamaram | 3.5 | SASCI |
| 18 | PWD Buildings | 5) Multipurpose Shelter at Thavinjal in Wayanad District | 3.5 | SASCI |
| 19 | PWD Buildings | 6) Construction of shelter building for Mundakkai in Meppadi Grama Panchayath | 3.5 | SASCI |
| 20 | PWD Buildings | 7) Construction of Multipurpose Shelter at Moopainad in Wayanad District | 3.5 | SASCI |
| 21 | PWD Buildings | 8) Construction of Multipurpose Shelter at Thariode in Wayanad District | 3.5 | SASCI |
| 22 | PWD Roads | Chooralmala- Attamala Road | 9 | SASCI |
| 23 | PWD Bridges | Punchirimattom- Vanarani bridge with approach road | 7 | SASCI |
| 24 | PWD Bridges | GLPS- 8th Number bridge with approach road | 0.94 | SASCI |
| 25 | PWD Roads | General-Improvements and providing BC overlay to Vythiri Tharuvana Road bet Km 0/000 to 7/00 in Wayanad district General Civil Work | 12 | SASCI |

| | | | | |
|---|---|---|---|---|
| 26 | PWD Roads | General-Improvement Works Providing BM and BC to Karani Kamblakkad Road Chainage 0/000 to 5/700 - Improvement Works-General Civil Work | 11 | SASCI |
| 27 | KIIFCON | Construction of roads in rehabilitation townships at Elstone estate | 74.72 | SASCI |
| 28 | KIIFCON | Public Buildings and amenities | 24.06 | SASCI |